ഭൂമാഫിയകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി

232 (1289) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമാഫിയകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത് ;

(സി) ഇങ്ങനെ പിടിച്ചെടുത്ത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള സംരക്ഷണ നിയമം, 2009-ലെ കേരള ഭൂ സംരക്ഷണ (ഭേദഗതി) നിയമപ്രകാരം സർക്കാർ ഭൂമി സംരക്ഷണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ വിവിധ താലൂക്കുകളിലായി 48 ഭൂ സംരക്ഷണ നിയമപ്രകാരമുള്ള കേസുകൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ജില്ലയിൽ 2.85 ഏക്കർ ഭൂമിയും പത്തനംതിട്ട ജില്ലയിൽ 2 ഹെക്ടർ ഭൂമിയും ഇടുക്കി ജില്ലയിൽ തർക്കവിഷയമല്ലാത്ത എല്ലാ ഭൂമിയും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, വയനാട്, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ NIL റിപ്പോർട്ടും ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപടി സ്വീകരിച്ചു വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

233 (1290) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻകീഴിൽ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(ബി) അപേക്ഷിച്ചവരിൽ എത്ര പേർക്ക് ഇതിനകം ഭൂമി നൽകുകയുണ്ടായി ; സർക്കാർ നൽകിയ ഭൂമിയിൽ വീട് വച്ച് താമസം നടത്തിയവർ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴും ഭൂമി ഇല്ലാതെ അവശേഷിക്കുന്നവർ എത്രയാണ് ; ഇവർക്കെല്ലാം ഏത് തീയതിക്കകം ഭൂമി നൽകാനാണുദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാവശ്യമായ ഭൂമി എത്ര ഏക്കറായിരുന്നു ; ഇതിനകം എത്ര ഏക്കർ ഭൂമി ലഭിക്കുകയുണ്ടായി ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് 2,92,012 അപേക്ഷകളാണ് ലഭിച്ചിരുന്നത്. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയതിൻപ്രകാരം 67281 അപേക്ഷകൾകൂടി കിട്ടിയിട്ടുണ്ട്. ഇപ്രകാരം ആകെ 359293 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടമായി 36491 പേർക്ക് ഭൂമി അനുവദിച്ചിരുന്നു. ചട്ടപ്രകാരം ഇവർക്ക് ഭൂമിയുടെ കൈവശംവിട്ട് കൊടുക്കുന്ന നടപടി ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഭൂമി ലഭിച്ചവരിൽ 201 പേർ ഇതിനകം വീട് പണി ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം ഉദ്ദേശം 2 ലക്ഷത്തിൽപരം ഗുണഭോക്താക്കൾക്ക് ഭൂമി നൽകാനുണ്ട്. കൂടാതെ 1-2-2014 മുതൽ 31-3-2014-വരെ ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടന്നുവരികയാണ്. 2015 അവസാനത്തോടുകൂടി അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് ഉദ്ദേശം 10000 ഏക്കർ ഭൂമി ആവശ്യമുണ്ടെന്ന് കണക്കാക്കുന്നു. 36,491 പേർക്ക് മൂന്ന് സെന്റ് വീതം പട്ടയം വിതരണം ചെയ്തു. ഒന്നാം ഘട്ടത്തിൽ കണ്ടെത്തി പ്ലോട്ട് തിരിച്ച എല്ലാ ഭൂമിയും വിതരണം ചെയ്തിട്ടില്ല. ശേഷിക്കുന്ന ഗുണഭോക്താക്കൾക്കുള്ള ഭൂമി തെരഞ്ഞെടുക്കുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു. സർവ്വേ പ്രവർത്തനംകൂടി പൂർത്തിയായാൽ മാത്രമേ ലഭ്യമായിട്ടുള്ള ഭൂമിയുടെ കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ.

ഫറോക്ക് ഗവൺമെന്റ് ഗണപത് ഹൈസ്കൂൾ സ്ഥലവും കെട്ടിടങ്ങളും റവന്യൂ രേഖകളിൽ കൊണ്ടുവരുന്നതിന് നടപടി

234 (1291) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക് ഗവൺമെന്റ് ഗണപത് ഹൈസ്കൂളിന്റെ കൈവശത്തിലിരിക്കുന്നതും 1957-ൽ മലബാർ എഡ്യൂക്കേഷൻ സൊസൈറ്റിയിൽ നിന്നും ഏറ്റെടുത്തതുമായ സ്ഥലവും കെട്ടിടങ്ങളും റവന്യൂ രേഖകളിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly